**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2005** **29-07-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളുടെ ഓഹരി വില്പന വ്യവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ബാങ്കിങ് കമ്പനികളുടെ മാതൃകയിൽ സഹകരണ ബാങ്കുകളുടെ ഓഹരി വിൽക്കാമെന്ന വ്യവസ്ഥ പ്രാബല്യത്തിൽ വരുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിലൂടെ വകുപ്പ് 12 ൽ വരുത്തിയ ഭേദഗതി പ്രകാരം അർബൻ സഹകരണ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് RBI യുടെ മുൻകൂർ അനുമതി വാങ്ങിയ ശേഷം public issue, private placement of share, preference share issue എന്നിവ നടത്താവുന്നതാണ്. |
| (ബി) | ഇത്തരത്തിൽ ഓഹരി എടുക്കുന്നവർ സഹകരണ ബാങ്കുകളിൽ അംഗങ്ങളാണോ എന്നും സംസ്ഥാന സഹകരണ നിയമത്തിലെ വ്യവസ്ഥയനുസരിച്ച് ഓഹരിയുടമകൾക്ക് വോട്ട് ചെയ്തു ഭരണസമിതിയെ തെരഞ്ഞെടുക്കാൻ കഴിയുമോ എന്നും വ്യക്തമാക്കാമോ; | (ബി) | റിസർവ് ബാങ്ക് മാർഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയത്തിൽ ഒരു നയം രൂപികരിക്കുന്നതാണ്. |
| (സി) | ഈ വ്യവസ്ഥ നിരാകരിച്ചാണോ റിസർവ് ബാങ്ക് പുതിയ കരട് വിജ്ഞാപനം ഇറക്കിയതെന്നും ഇത് കേരളത്തിലെ സഹകരണ മേഖലയെ എങ്ങനെ ബാധിക്കുമെന്നും വ്യക്തമാക്കാമോ; | (സി) | റിസർവ് ബാങ്കിന്റെ അന്തിമ വിജ്ഞാപനം വന്നതിനു ശേഷം മാത്രമേ ഇക്കാര്യത്തിൽ വ്യക്തത ഉണ്ടാകുകയുള്ളു |
| (ഡി) | സംസ്ഥാനത്തെ ഭൂരിപക്ഷം അർബൻ ബാങ്കുകൾക്കും കേരള ബാങ്കിനും നിലവിൽ എത്ര ശതമാനം മൂലധനപര്യാപ്തതയാണുള്ളതെന്ന് വ്യക്തമാക്കാമോ; പ്രാഥമിക സഹകരണ ബാങ്കുകൾക്ക് കേരള ബാങ്കിൽ എത്ര ഓഹരികളാണുള്ളതെന്ന് അറിയിക്കുമോ; റിസർവ് ബാങ്കിന്റെ അന്തിമവിജ്ഞാപനം ഇറങ്ങിയാൽ ഈ ഓഹരി പിൻവലിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ ; | (ഡി) | സംസ്ഥാനത്ത് നിലവിലുള്ള 60 അർബൻ സഹകരണ ബാങ്കുകളിൽ 49 ബാങ്കുകളും നിലവിൽ റിസർവ് ബാങ്ക് നിഷ്കർഷിച്ചിട്ടുള്ള 9% മൂലധനപര്യാപ്തത കൈവരിച്ചിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ 31.03.2021-ലെ മൂലധനപര്യാപ്തത 9.73% ആണ്. കേരള സംസ്ഥാന സഹകരണ ബാങ്കിലെ പ്രാഥമിക സഹകരണ സംഘങ്ങളുടെ 943.30 കോടി രൂപയുടെ 94,33,000 ഓഹരികളുണ്ട്. റിസർവ് ബാങ്കിന്റെ അന്തിമ വിജ്ഞാപനം വന്നതിനു ശേഷം മാത്രമേ ഇക്കാര്യത്തിൽ വ്യക്തത ഉണ്ടാകുകയുള്ളു. |
| (ഇ) | ഇ) കേരളത്തിലെ സഹകരണ മേഖലയുടെ ഘടനയെ പുതിയ പരിഷ്കരണം ബാധിക്കുമോ; | (ഇ) | റിസർവ് ബാങ്കിന്റെ അന്തിമ വിജ്ഞാപനം വന്നതിനു ശേഷം മാത്രമേ ഇക്കാര്യത്തിൽ വ്യക്തത |

| | | | |
|---|---|---|---|
| | എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ? | | ഉണ്ടാകുകയുള്ളൂ. അന്തിമ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഒരു നയം രൂപീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ